കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/പി.കെ.ഡി15/19/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 29.12.2016

ഇ-മെയിൽ -dopkd.ksad@kerala.gov.in

ഫോൺ-04912520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടായി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോട്ടായി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ എസ് എ-പി.കെ.ഡി15/19/2017 തിയ്യതി: 29.12.2016

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 02.06.2016 മുതൽ 13.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | യു. പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ഹരിഗോവിന്ദ്.കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | പ്രതീഷ്. എം | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

<u>പ്രസിഡണ്ട്</u>

ശ്രീ. കെ.പി. രവീന്ദ്രൻ - 1.4.2015 മുതൽ 31.10.2015വരെ

ശ്രീമതി. പി. പ്രീത - 19.11.2015 മുതൽ 31.3.2016 വരെ

<u>സെക്രട്ടറി</u>

ശ്രീ. ഹരിദാസൻ കെ 1.4.2015 മുതൽ 31.3.2016വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | നിർവ്വഹണോദ്യോഗസ്ഥർ | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ ശിവപ്രസാദ് എസ് | 1.4.2015 – 19.8.2015 |
| | ശ്രീ ഷിബുകുമാർ എസ് | 20.8.2015 – 31.3.2016 |
| എച്ച്.എം | ശ്രീമതി ലൈല പി.എച്ച് | 1.4.2015 – 31.3.2016 |
| കൃഷി ഓഫീസർ | ശ്രീമതി ജാനറ്റ് ഡാനിയേൽ | 1.4.2015 –31.12.2015 |
| | ശ്രീമതി ശാന്തി കമ്മത്ത് | 1.1.2016 – 31.3.2016 |
| വി.ഇ.ഒ | ശ്രീ ഷെറീഫ് ജെ | 1.4.2015 – 31.3.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ലക്ഷ്മി എം | 1.4.2015 – 31.3.2016 |
| വെറ്ററിനറി സർജൻ | ശ്രീ വി ശ്രീനിവാസൻ | 1.4.2015 – 31.3.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ഋഷി എസ് | 1.4.2015 – 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ: ലീ മോഹൻ | 1.4.2015 - 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി എം. രജ്ജല | 1.4.2015 - 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ രാധാകൃഷ്ണൻ. കെ | 1.4.2015 - 31.3.2016 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | നിയമ വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയിരിക്കുന്നു | 2(1) |
| 2 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല, ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല | 2(2) |
| 3 | വെള്ളക്കരം വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 2(3) |
| 4 | ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ഡി&ഒ ലൈസൻസ് അനുവദിക്കുന്നു | 2(4) |
| 5 | പരസ്യനികുതി ഈടാക്കേണ്ടതാണ് | 2(5) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ജല അതോറിറ്റി പഞ്ചായത്തിന് കൈമാറിയ കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്. | 3(1) |
| 2 | തെരുവ് വിളക്കുകൾക്ക് താരതമ്യേന വൈദ്യുതി ഉപഭോഗം കുറഞ്ഞ ബൾബുകൾ ഉപയോഗിക്കണം | 3(2) |
| 3 | പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ സ്ഥിതി വിവര കണക്കുകൾ കെ.എസി.ഇ.ബി യുമായി സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. | 3(3) |
| 4 | പഞ്ചായത്തിന്റെ വാഹനത്തിന്റെ പ്രവർത്തി/പരിപാലനം സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്. | 3(4) |
| 5 | മരാമത്തു പ്രവൃത്തികൾ - പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല | 3(5) |
| 6 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത്പ്രവൃത്തികൾ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3(6) |
| 7 | കുടിവെള്ളപദ്ധതികൾ ഉപയോഗയോഗ്യമാക്കിയിട്ടില്ല | 3-7 |
| 8 | തുവരക്കാട് കുടിവെള്ള പദ്ധതി-ഉപയോഗശൂന്യമായ പഴയ മോട്ടോർ, പമ്പ്സെറ്റ് എന്നിവ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. | 3-8 |
| 9 | മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-9 |

| | | |
|---|---|---|
| 10 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-നടപടി ക്രമത്തിലെ അപാകതകൾ. | 3-10 |
| 11 | IAY പദ്ധതിക്കായി അനുവദിച്ച വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-11 |
| 12 | ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം | 3-12 |
| 13 | ആശ്രയ പദ്ധതി - അവലോകനം | 3-13 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത് ) |
|---|---|
| 1, 23.03.2015 | ബജറ്റ് പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 26.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ്

## നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

# 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 19738709

വരവ് : 42390813

ആകെ : 62129522

ചെലവ് : 59507075

നീക്കി
ബാക്കി : 2622447

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 465922 | 12122149+ 4317765 | 16905836 | 7835845 | 9069991 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 8484999 | 12162000 | 20646999 | 12972430 | 7674569 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1954591 | 8250000 473560* | 10678151 | 9936572 | 741579 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1396957 | 2320000 | 3716957 | 2445989 473560* | 797408 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1436146 | 2768844 | 4204990 | 4080168 | 124822 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 2201004 | 0 | 2201004 | 1960258 | 240746 | 0 |

***** – Amount used for Road, received from Non Road

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 190 | 161 | 25 | 9 | 80 |

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 15 | 2894170 | 2398025 | 83 |
| അസി.സെക്രട്ടറി | 13 | 12 | 11507508 | 2789445 | 24 |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | 3 | 3 | 480000 | 407155 | 85 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 450000 | 450000 | 100 |
| കൃഷി ഓഫീസർ | 6 | 6 | 4133411 | 2816581 | 68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 2288177 | 1777701 | 78 |
| വി.ഇ.ഒ | 3 | 3 | 4160000 | 620000 | 14.90 |
| വെറ്ററിനറി സർജൻ | 4 | 4 | 2200000 | 894000 | 41 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 350000 | 350000 | 100 |
| എച്ച്.എം | 9 | 6 | 2035326 | 1461001 | 72 |
| അസി. എഞ്ചിനീയർ | 126 | 107 | 32975122 | 26281863 | 80 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3431833 | 2305153 | 1126680 | -32.8 |
| നികുതിയേതര വരവുകൾ | 1250116 | 1067689 | 182427 | -14.5 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 6049385 | 6403415 | 354030 | -5.85 |
| ആകെ | 10731334 | 9776257 | 955077 | -8.89 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 19 | 10 | 1 | 2015-16 സാമ്പത്തിക വർഷാവസാനം ലഭിച്ച അപേക്ഷകൾ 2016-17 ൽ തീർപ്പാക്കിയിട്ടുണ്ട് |
| 2 | തൊഴിൽ രഹിത വേതനം | 28 | 17 | 11 | ടി |
| 3 | വിധവാ പെൻഷൻ | 79 | 45 | 7 | ടി |
| 4 | വികലാംഗ പെൻഷൻ | 24 | 17 | 4 | ടി |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 4 | 2 | ടി |
| 6 | വാർദ്ധക്യകാല പെൻഷൻ | 325 | 181 | 7 | ടി |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2016 03.05PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4386 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.9.2016 | ആഗസ്റ്റ്/2016 | ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 8.9.2006 | 1997-98 മുതൽ 2005-06 വരെ | 1.11.06 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിയമ വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിടത്തിന്റെ പേര് | വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം |
|---|---|---|---|
| 1 | പി.ഡബ്ലിയു.ഡി. റെസ്റ്റ് ഹൗസ് | 3/25 | 60 $m^2$ |

| | | | |
|---|---|---|---|
| | | 3/26 | 37 $m^2$ |
| | | 3/27 | 36 $m^2$ |
| 2 | കോട്ടായി ക്ഷീരോത്പാദക സഹകരണ സംഘം | 3/586 | 34.5 $m^2$ |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 207-ാം വകുപ്പ് പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കേണ്ട വിഭാഗങ്ങളിൽ ഉൾപ്പെടാത്ത മേൽ കെട്ടിടങ്ങളെ വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയത് നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാണ്. മേൽ കെട്ടിടങ്ങൾ പരിശോധിച്ച് വസ്തുനികുതി നിർണ്ണയം നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല, ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല

2015-16 വർഷത്തെ വസ്തുനികുതി പിരിവിന്റെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| തൻ വർഷം | 1958343 | 895997 | 1062346 | 45 |
| കുടിശ്ശിക | 1828679 | 273702<br>1446970* | 108007 | |

* കുടിശ്ശികയിൽ നിന്നും ഒഴിവാക്കിയ തുക

തൻ വർഷം ഡിമാന്റ് തുകയുടെ 45% മാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമായ വസ്തുനികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്.

ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതി വരവിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. വസ്തുനികുതി കുടിശ്ശിക ക്രമീകരിക്കുന്നതിനായി കുടിശ്ശികയിൽ നിന്ന് 1446970 രൂപ ഒഴിവാക്കിയിട്ടുണ്ടെങ്കിലും, ആയത് വ്യക്തമാക്കുന്ന ആധികാരിക രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല. പരിശോധന നടത്തി യഥാർത്ഥ തുകയാണ് ഒഴിവാക്കിയതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കേണ്ടതും, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

## 2-3 വെള്ളക്കരം വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികളിൽ നിന്നുള്ള വെള്ളക്കരം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിൽ അധികൃതരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. തൻ വർഷ വെള്ളക്കരം 46 ശതമാനവും, കുടിശ്ശിക വെറും 2 ശതമാനവും മാത്രമാണ് 2015-16 ൽ പിരിച്ചെടുത്തിരിക്കുന്നത്.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| തൻ വർഷം | 781760 | 364118 | 417642 | 46 |
| കുടിശ്ശിക | 1132224 | 33770 | 1098454 | 2 |

എല്ലാ ഗുണഭോക്താക്കളുടേയും വിവരങ്ങളടങ്ങിയ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഏതെല്ലാം ഗുണഭോക്താക്കളാണ് വെള്ളക്കരം അടവാക്കാത്തതെന്ന് കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കുടിശ്ശികയിനത്തിൽ അവശേഷിക്കുന്ന വൻ തുക ഏതെല്ലാം ഗുണഭോക്താക്കളാണ് അടവാക്കാനുള്ളതെന്ന്

രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ട തുക പിരിച്ചെടുക്കുവാൻ കഴിയുന്നില്ല.

വെള്ളക്കരമിനത്തിൽ ഗുണഭോക്താക്കളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും കാലികമാക്കി, ഗ്രാമ പഞ്ചായത്തിന് ലഭ്യമാകേണ്ട എല്ലാ തുകയും പിരിച്ചെടുക്കുന്നതനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ഡി&ഒ ലൈസൻസ് അനുവദിക്കുന്നു

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് നൽകുമ്പോൾ താഴെപ്പറയുന്ന സാക്ഷ്യപത്രങ്ങൾ/രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1) സ.ഉ(എം.എസ്)നമ്പർ 323/2011/ത.സ്വ.ഭ.വ തീ. 27-12-2011 നിർദ്ദേശാനുസരണം നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ, ശേഖരിക്കുകയോ, വിൽക്കുകയോ ചെയ്യുന്നതല്ലെന്ന സത്യവാങ്മൂലം.

2) സർക്കുലർ നം.15885/ആർ.ഡി.3/2011/ത.സ്വ.ഭ.വ തിയതി.26-4-2011 അനുസരിച്ച് ഡി&ഓ ലൈസൻസികളോട് പുകവലി നിരോധനം സംബന്ധിച്ച നിബന്ധനകൾ പാലിക്കുമെന്ന സമ്മതപത്രം.

3) സർക്കുലർ നമ്പർ 63624/ആർ.സി.2/2008/ത.സ്വ.ഭ.വ തീ. 15-06-2009 പ്രകാരം സ്ഥാപനത്തിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യപ്രസ്താവന.

കൂടാതെ ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാടകയ്ക്ക് എടുത്ത് വ്യാപാരം നടത്തുന്ന വ്യക്തികൾക്ക് / സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ പുതുക്കിയ വാടകക്കരാർ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്നില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തി മാത്രം ലൈസൻസ് നൽകേണ്ടതുമാണ്.

## 2-5 പരസ്യനികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209 ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൽ നിന്നും പരസ്യ നികുതി ഈടാക്കാവുന്നതാണ്. രണ്ട് സിനിമാ തിയ്യേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൽ നിന്നും, റോഡരികിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും നിലവിൽ നികുതിയൊന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല. പരസ്യ നികുതി ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതും, പരസ്യ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജല അതോറിറ്റി പഞ്ചായത്തിന് കൈമാറിയ കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

ജല അതോറിറ്റി പഞ്ചായത്തിന് കൈമാറിയ കുടിവെള്ള പദ്ധതികൾ നിലവിൽ പഞ്ചായത്ത് നേരിട്ടാണ് പരിപാലിച്ച് വരുന്നത്. പദ്ധതികളുടെ പേരും, കണക്ഷനുകളുടെ എണ്ണവും സംബന്ധിച്ച വിവരം താഴെ

നൽകുന്നു :

| ക്രമ നം. | പദ്ധതിയുടെ പേര് വിവരം | കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1 | മുട്ടിക്കടവ് കുടിവെള്ള പദ്ധതി | 558 |
| 2 | കണ്ടത്താർ കാവ് കുടിവെള്ള പദ്ധതി | 432 |
| 3 | പുളിനെല്ലി കുടിവെള്ള പദ്ധതി | 153 |
| 4 | വരോട് കുടിവെള്ള പദ്ധതി | 149 |
| | ആകെ | 1292 |

മേൽപറഞ്ഞ പദ്ധതികളൂടേയുള്ള കുടിവെള്ള വിതരണത്തിനായി ഉപഭോക്താക്കളിൽ നിന്നും വെള്ളക്കര ഇനത്തിൽ പ്രതിമാസം 50/- രൂപയും സർവ്വീസ് ചാർജ്ജിനത്തിൽ 10/- രൂപയുമാണ് ഈടാക്കി വരുന്നത്. പദ്ധതികൾക്കായുള്ള വരവ്/ചിലവ് കണക്കുകൾ താഴെ ചേർക്കുന്നു:

| | | |
|---|---|---|
| വെള്ളക്കരത്തിന്റെ ഡിമാന്റ് | 1913984(+) | |
| ,, വരവ് | 397888 (-) | 1913984 |
| ,, കുടിശ്ശിക ഡിമാന്റ് (നീക്കിയിരിപ്പ്) | 1516096 | |
| കെ.എസ്.ഇ.ബി ചാർജ്ജ് | 1225078 | ആകെ ചെലവ്- 1793578 |
| അറ്റകുറ്റ പണികൾ | 386000 | |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 182500 | |

മേൽപറഞ്ഞ പട്ടികയിൽ നിന്നും കുടിവെള്ള വിതരണത്തിനായുള്ള ചിലവുകൾ വരവിനേക്കാൾ കൂടുതലാണെന്ന് വ്യക്തമാണ്. ചിലവുകൾ നിയന്ത്രിക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്:

1. വെള്ളക്കര ഇനത്തിൽ കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളിൽ നിന്നും തുക പിരിച്ചെടുക്കുന്നതിനായി കണക്ഷനുകൾ വിച്ഛേദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. വെള്ളക്കരം വാർഷികാടിസ്ഥാനത്തിൽ വർദ്ധിപ്പിക്കേണ്ടതാണ്.
3. കണക്ഷനുകൾ നൽകുമ്പോൾ നിശ്ചിത തുക ഡെപ്പോസിറ്റായി പിരിച്ചെടുക്കേണ്ടതാണ്.

ഇത്തരത്തിൽ പദ്ധതികൾ പ്രവർത്തനക്ഷമമാക്കി തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയും ആയതിലൂടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പ് വരുത്തേണ്ടതുമാണ്. കൈമാറിയതിന് ശേഷമുള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് സംബന്ധമായ ചിലവുകൾ ഗുണഭോക്തൃ സമിതികൾ വഹിക്കേണ്ടതാണ്.

## 3-2 <u>തെരുവ് വിളക്കുകൾക്ക് താരതമ്യേന വൈദ്യുതി ഉപഭോഗം കുറഞ്ഞ ബൾബുകൾ ഉപയോഗിക്കണം.</u>

പഞ്ചായത്തിന്റെ പരിധിയിലുള്ള 90% തെരുവ് വിളക്കുകൾക്കും മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത മറ്റ് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ എണ്ണവും തരവുമനുസരിച്ചാണ് കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് ഇടാക്കി വരുന്നത്.വിശദവിവരങ്ങൾ :

| തരം | എണ്ണം | പ്രതിമാസം | തുക |
|---|---|---|---|
| 40 w ബൾബ് | 7 | 61 | 427 |
| സിംഗിൾ ട്യൂബ് | 7 | 61 | 427 |
| ഡബിൾ ട്യൂബ് | 9 | 124 | 1116 |
| CFL | 10 | 14 | 140 |

മേൽപ്പറഞ്ഞ പട്ടികയിൽ നിന്നും ഡബിൾ ട്യൂബ് ബൾബുകളുടെ വൈദ്യുതി ഉപഭോഗം താരതമ്യേന കൂടുതലാണെന്ന് വ്യക്തമാണ്. ആയതിനാൽ ഡബിൾ ട്യൂബ് ബൾബുകൾക്ക് പകരം വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും ഈട് നിൽക്കുന്നതുമായ CFL/LEDബൾബുകൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ സ്ഥിതി വിവര കണക്കുകൾ കെ.എസി.ഇ.ബി യുമായി സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ നിർണ്ണയിക്കുവാനായി 2014-15 വർഷത്തിൽ കെ.എസ്.ഇ.ബി യുമായി പഞ്ചായത്ത് സംയുക്ത പരിശോധന ഭാഗികമായി നടത്തിയെങ്കിലും ആയത് പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് പഞ്ചായത്തിന് നാളിത് വരെ ലഭ്യമായിട്ടില്ല.പ്രസ്തുത റിപ്പോർട്ട് ലഭ്യമായെങ്കിലെ പ്രവർത്തനക്ഷമവും,പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവയുടെ കണക്കുകൾ പൂർണ്ണമായി ആധികാരികതയോട് കൂടി തിട്ടപ്പടുത്തുവാൻ സാധിക്കുകയുള്ളൂ.ഈ റിപ്പോർട്ടിന്റെ അഭാവത്തിൽ പ്രവർത്തനരഹിതമായ തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് അടവാക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കും.ആയതിനാൽ ഭാഗികമായി നടത്തിയ സംയുക്ത പരിശോധന പൂർത്തീകരിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 പഞ്ചായത്തിന്റെ വാഹനത്തിന്റെ പ്രവർത്തി/പരിപാലനം സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് താഴെപറയും രജിസ്റ്ററുകൾ നിലവിൽ പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല

1.ഫ്യൂവൽ ഓർഡർ ബുക്ക്.

2റിപ്പയർ രജിസ്റ്റർ.

3.സ്റ്റോക്ക് രജിസ്റ്റർ.

4.ഫ്യൂവൽ രജിസ്റ്റർ.

മേൽപറഞ്ഞ രജിസ്റ്ററുകൾ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി എഴുതി സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണ കാലതാമസത്തിന് പിഴ

## ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവൃത്തികൾ അനുവദനീയമായ സമയപരിധി കഴിഞ്ഞ് പൂർത്തീകരിച്ചിട്ടുള്ളതിന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയതായി കാണുന്നില്ല. പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി) നം. 13/2012/PWD/1.2.2012, സെക്ഷൻ 2112, 2112-1, കരാറുകാരുമായുള്ള എഗ്രിമെന്റ് വ്യവസ്ഥ നം-7 എന്നിവ പ്രകാരം അപ്രതീക്ഷിതമായ സാങ്കേതികകാരണങ്ങളാലോ വകുപ്പ് തലത്തിലുള്ള വൈകൽ മൂലമോ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ യഥാർത്ഥ പൂർത്തീകരണ കാലയളവിന്റെ 20%കൂടി പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം സമയം ദീർഘിപ്പിച്ച് നൽകുന്നതിന് എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുമുമ്പായി കരാറുകാരൻ അപേക്ഷ നൽകേണ്ടതുണ്ട്. 20% ഗ്രേസ് പീരീഡിന് ശേഷമുള്ള പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ 3 മാസത്തേക്ക് പി.എ.സി യുടെ 1%നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും പി.എ.സി യുടെ 2%നിരക്കിലും പിഴ ഈടാക്കേണ്ടതാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീണ്ടുപോയിട്ടുണ്ടെങ്കിലും യാതൊരു തുകയും പിഴയായി ഈടാക്കിയിട്ടില്ല.മാത്രമല്ല പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകാതെ ചെയ്ത പ്രവൃത്തികൾ അനധികൃതമാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തി | ചേന്ദംകാട് അങ്കണവാടി മെയ്ന്റനൻസ് |
| പ്രൊജക്ട് നമ്പർ | 143/15, 52/16 |
| അടങ്കൽ | 202000 |
| കരാറുകാരൻ | വി. പ്രകാശൻ |
| എം-ബുക്ക് | 100/11-12 |
| ബിൽ നമ്പർ/തീയതി | 24/21.12.15 |
| തുക | 202000/- |
| എഗ്രിമെന്റ് | 40/14-15/14.11.14 |
| പൂർത്തീകരിക്കേണ്ട തീയതി | 31.3.15 |
| 20% ഗ്രേസ് പിരീഡ് | 30.4.15 |
| പൂർത്തീകരിച്ച തീയതി | 8.10.15 |
| ഈടാക്കേണ്ട പിഴ - 1.5.15 – 1.8.15 | 202000*1% = 2020 |
| 2.8.15 - 8.10.15 | 202000*2% * 68/90 = 3052 |
| ആകെ | 5072 /- |

2.

| | |
|---|---|
| പ്രവൃത്തി | ചേന്ദംകാട് വായനശാല |

| | |
|---|---|
| | മെയ്ന്റനൻസ് |
| പ്രൊജക്ട് നമ്പർ | 144/15, 53/16 |
| അടങ്കൽ | 72000 |
| കരാറുകാരൻ | വി. പ്രകാശൻ |
| എം-ബുക്ക് | 73/11-12 |
| ബിൽ നമ്പർ/തീയതി | 25/21.12.15 |
| തുക | 72000/- |
| എഗ്രിമെന്റ് | 26/14-15/14.11.14 |
| പൂർത്തീകരിക്കേണ്ട തീയതി | 31.3.15 |
| 20% ഗ്രേസ് പിരീഡ് | 30.4.15 |
| പൂർത്തീകരിച്ച തീയതി | 20.10.15 |
| ഈടാക്കേണ്ട പിഴ - 1.5.15 – 1.8.15 | 72000*1% = 720 (1000 മിനിമം) |
| 2.8.15 - 20.10.15 | 72000*2% * 80/90 = 1280 |
| ആകെ | 2280 /- |

കരാർ ഏർപ്പെടുന്നതിലെ കാലതാമസം - പ്രവൃത്തി പൂർത്തീകരണം വൈകുന്നു.

പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചത് സംബന്ധിച്ച സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാർ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്.14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചിട്ടില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാർ വെയ്ക്കാവുന്നതാണ്. 14 ദിവസവും, പിഴയോടുകൂടിയ 10 ദിവസത്തിനകവും കരാറിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ കരാർ റദ്ദാക്കി EMD കണ്ടുകെട്ടി, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കേണ്ടതാണ്.താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ നിബന്ധകളൊന്നും തന്നെ പാലിച്ചിട്ടില്ല. ടെണ്ടർ അംഗീകരിച്ച് കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഇല്ല. 11.9.14ന് സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തികൾക്ക്കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നത് 19.2.15 ന മാത്രമാണ്. തുടർന്ന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 6 മാസംകൂടെ സമയം അനുവദിച്ചത് ക്രമപ്രകാരമല്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ താഴെ പറയും പ്രകാരം നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

1. പ്രൊജക്ട് നം -SO 16/15കിഴത്തൂർ റോഡ് റീടാറിങ്ങ്

അടങ്കൽ - 385000

കരാറുകാരൻ - വി.ആർ രമേഷ്

എം-ബുക്ക് - 97/11-12

ബിൽ നം/തീയതി - 61/30.1.16

ചെലവ് - 385000

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 31.3.15 |
| 20% ഗ്രേസ് പിരീഡ് | 9.4.15 |
| പൂർത്തീകരിച്ച തീയതി | 15.10.15 |
| PAC | 385000 |
| ഈടാക്കേണ്ട പിഴ - 9.4.15 – 8.7.15 | 385000*1% = 3850 |
| 9.7.15 – 8.10.15 | 385000*2% =7700 |
| 9.10.15 – 15.10.15 | 385000*2%*7/90 = 599 |
| ആകെ | 12149/- |

2. പ്രൊജക്റ്റ് നം - SO 58/15 കുത്തമ്പലം മെററലിങ്ങ്, ടാറിങ്ങ്

അടങ്കൽ - 148000

കരാറുകാരൻ - വി.ആർ രമേഷ്

എം-ബുക്ക് - 106/11-12

ബിൽ നം/തീയതി - 62/30.1.16

ചെലവ് - 148000

| | |
|---|---|
| പൂർത്തീകരിക്കേണ്ട തീയതി | 31.3.15 |
| 20% ഗ്രേസ് പിരീഡ് | 9.4.15 |
| പൂർത്തീകരിച്ച തീയതി | 30.10.15 |
| PAC | 148000 |
| ഈടാക്കേണ്ട പിഴ - 9.4.15 – 8.7.15 | 148000*1% = 1480 |
| 9.7.15 – 8.10.15 | 148000*2% =2960 |
| 9.10.15 – 30.10.15 | 148000*2%*22/90 = 724 |
| ആകെ | 5164/- |

പിഴയിനത്തിൽ ആകെ 24665/-രൂപ (5072+2280+12149+5164) കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു.

## 3-6 ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത്പ്രവൃത്തികൾ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സാമ്പത്തിക വർഷം ഗുണഭോക്തൃ സമിതികൾ മുഖേന 3 പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതികൾ നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രവൃത്തി | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | | കുത്തലക്കോട് യുവജന ക്ലബ്ബ് നിർമ്മാണം | | 689366 |
| 2 | 224/16 | കൊട്ടുമുടിപ്പടി കുടിവെള്ളപദ്ധതി | 350000 | 339634 |
| 3 | | ചമ്പ്രക്കുളം കുടിവെള്ളപദ്ധതി | 350000 | 349800 |

1. ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകൾ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). നിർവ്വഹണോദ്യോഗസ്ഥൻ എംബുക്കിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കി മാത്രമാണ് തുകകൾ അനുവദിച്ചിട്ടുള്ളത്.

2. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയോ, ഗ്രാമസഭയിൽ വെക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

2. പണമിടപാടുകൾക്ക് സംയുക്ത അക്കൗണ്ട് തുടങ്ങിയതിന്റെ രേഖകൾ ഫയലു കളിൽ സൂക്ഷിച്ചിട്ടില്ല.

3. വരവ്-ചെലവ് കണക്ക് പുസ്തകം, വൗച്ചറുകൾ, ദൈനം ദിന ഡയറി എന്നിവ ഹാജരാക്കിയിട്ടില്ല .വരവ്-ചെലവ് കണക്കുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

4. മസ്റ്റർ റോൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക കൈപ്പറ്റിയതിന് രസീതുകൾ ഇല്ല.

5. പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്യേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

6. വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമല്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് നടപ്പിലാക്കുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ, ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് എന്നിവർ ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന്മേൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ (ആർ.ടി) 1288/15/ത.സ്വ.ഭ.വ തീയതി 30.4.15 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെൻഡർ മുഖേന നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കുടിവെള്ളപദ്ധതികൾ ഉപയോഗയോഗ്യമാക്കിയിട്ടില്ല

സാമ്പത്തിക വർഷം പട്ടികജാതി വികസന മേഖലയിൽ നിർവ്വഹിച്ച താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ എടുത്ത് പദ്ധതികൾ ഉപയോഗയോഗ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 188/16 | പാർലാംപടി | 500000 | 473310 |
| 2 | 224/16 | കൊട്ടുമുടിപ്പടി | 350000 | 339634 |

മേൽ പദ്ധതികൾ പ്രകാരം കുഴൽക്കിണറുകൾ കുഴിച്ച് സബ്മേഴ്സിബിൾ പമ്പ്സെറ്റ്, പമ്പ് ഹൗസ് എന്നിവ

സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ എടുക്കാത്തതിനാൽ പദ്ധതി നിർവ്വഹണം ലക്ഷ്യം കൈവരിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ എടുത്ത് പദ്ധതികൾ ഉപയോഗയോഗ്യമാക്കേണ്ടതാണ്. എത്രയും വേഗം ഇവ പ്രവർത്തനക്ഷമമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്രയും തുക പാഴ്ച്ചെലവാക്കി എടുത്ത് നിരാകരിക്കുന്നതായിരിക്കും.

## 3-8 തുവരക്കാട് കുടിവെള്ളപദ്ധതി-ഉപയോഗശൂന്യമായ പഴയ മോട്ടോർ, പമ്പ്സെറ്റ് എന്നിവ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

പ്രൊജക്ട് നം - 62/16

അടങ്കൽ -200000

ചെലവ് - 200000

മേൽ പദ്ധതി പ്രകാരം ഉപയോഗശൂന്യമായ പഴയ മോട്ടോർ, പമ്പ്സെറ്റ് എന്നിവ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. പദ്ധതി പൂർത്തീകരിച്ചെങ്കിലും പഴയ മോട്ടോർ, പമ്പ്സെറ്റ് എന്നിവ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടില്ല. ആയത് തിരിച്ചേൽപ്പിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു.

## 3-9 മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

സാമ്പത്തിക വർഷം മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി(പ്രൊജക്ട് നം- 79/16) 50000/-രൂപ മെയ്ന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മരുന്നുകളുടെ ആവശ്യകത എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. മാർഗ്ഗദീപ്തി നടത്തിയ മെഡിക്കൽ ക്യാംപെയിനിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ വിവരം, ക്യാംപെയിനിൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ മരുന്നുകൾ നീശ്ചയിച്ചതിന്റെ വിവരം എന്നീ രേഖകൾ ഫയലിൽ ഇല്ല. പാലക്കാട് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്ന് മുൻകൂറായി മരുന്നുകൾ വാങ്ങി മെഡിക്കൽ ക്യാംപെയിനിലേക്ക് വിതരണം ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

2. ഗുണഭോക്താക്കളുടെ വിവരം update ചെയ്ത് സൂക്ഷിച്ചത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കിയ ഇൻഡന്റിലെ ക്രമ നം 1,3,9,10,11,12,21,23 പ്രകാരമുള്ള മരുന്നുകൾക്ക് പകരം മറ്റു മരുന്നുകളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുള്ളത്. ആയവ പകരം ഉപയോഗിക്കാമെന്നത് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. മെഡിക്കൽ ക്യാംപെയിനിന് മുൻപു തന്നെ ആവശ്യകത കണക്കാക്കാതെ മരുന്നുകൾ വാങ്ങുന്നതിനാൽ പല മരുന്നുകളും സ്റ്റോക്ക് രജിസ്ററർ പ്രകാരം നീക്കിയിരുപ്പായി അവശേഷിക്കുന്നു. നിലവിൽ സ്റ്റോക്ക് ഉള്ള മരുന്നുകൾ തന്നെ വീണ്ടും പർച്ചേസ് നടത്തിയിട്ടുണ്ട്.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | മരുന്ന് | 6.2.16 വരെയുള്ള ബാക്കി | 6.2.16 ൽ സ്റ്റോക്കിലെടുത്തത് | ആകെ | വിതരണം ചെയ്തത് | നിലവിലെ ബാലൻസ് | സ്റ്റോക്ക് പേജ് നം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | Quetiapine fumarate 100 mg | 400 | 200 | 600 | - | 600(നാളിതുവരെ ഉപയോഗിച്ചിട്ടില്ല) | 70 |
| 2 | Trazine-H | 860 | 1000 | 1860 | 1220 | 640 | 71 |
| 3 | Nitrazepam 5mg | 330 | 500 | 830 | 390 | 440 | 60 |
| 4 | Amitryptyline 10mg | 290 | 500 | 790 | 500 | 290 | 73 |

5.സ്റ്റോക്ക് രജിസ്ററർ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മരുന്നുകളുടെ ആവശ്യകത കൃത്യമായി നിർണ്ണയിച്ച് മാത്രം അവ പർച്ചേസ് ചെയ്യേണ്ടതാണ്. മരുന്ന് സൂക്ഷിപ്പ്, വിതരണം എന്നിവയ്ക്ക് നിയന്ത്രണമുള്ള Narcotic & Psychotropic drugs ന്റെ വിനിയോഗം നിയമാനുസൃതമാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സൂക്ഷിക്കേണ്ടതുമാണ്.

## 3-10 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-നടപടി ക്രമത്തിലെ അപാകതകൾ.

പ്രോജക്റ്റ് നം :SO102/16

പേര് : ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 2,00,000/-

ചിലവ് : 2,00,000/-

ബിൽ നം./തീയ്യതി : 5/15-16/25/1/2016

ഡി.ഡി.നം. 243977 തീയതി 25/1/2016

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,ആയുർവേദം

മേൽപറഞ്ഞ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ ഹോമിയോപ്പതി ആശുപത്രിയിലേക്കുള്ള ആവശ്യങ്ങൾക്കായി 2,00,000/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കുവാനവായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസിയ്ക്ക് ഡി.ഡി.നം. 243977., മുഖേന 25.1.16 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക കൈമാറിയിട്ടുണ്ട്.എന്നാൽ നാളിത് വരെ ഹോംകോ., മരുന്നുകൾ ആശുപത്രിയിലേക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച തുടർ നടപടികളെ കുറിച്ച് അന്വേഷണ നം.6 ലൂടെ ആവശ്യപ്പട്ടിരുന്നു.മരുന്നുകൾ ഒരു മാസത്തിനകം ലഭ്യമാക്കുമെന്ന് ഹോംകോ., അറിയിച്ചതായാണ് മറുപടി സമർപ്പിച്ചിട്ടുള്ളത്. തുക കൈമാറുന്നതിന് മുമ്പ് നിർദ്ദിഷ്ട കാലയളവിനുള്ളിൽ മരുന്നുകൾ ആശുപത്രിയിലേക്ക് ലഭ്യമാക്കണം എന്ന് സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല.മേൽ സാഹചര്യത്തിൽ യാതൊരു നിയമാനുസൃത നടപടികളും സ്വീകരിക്കുവാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.ഇതിലൂടെ പദ്ധതി ലക്ഷ്യം തടസ്സപ്പെടുന്നതോടൊപ്പം അത്യാവശ്യമായി ലഭ്യമാവേണ്ട മരുന്നുകൾ കാലതാമസമില്ലാതെ ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ കഴിയാത്ത സാഹര്യവും സൃഷ്ടിക്കപ്പെടും .ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ച് കൊള്ളുന്നു.

## 3-11 IAY പദ്ധതിക്കായി അനുവദിച്ച വിഹിതത്തിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം. : S0034/16

പേര് : IAY വിഹിതം.

ബിൽ നം./തീയതി : 3/15-16/18/11/15

അടങ്കൽ : 3,80,000/-

ചിലവ് : 3,80,000/-

ഡി.ഡി.നം./തീയതി : 242433/18/11/15

മേൽ പറഞ്ഞ തുകയായ 3,80,000/- രൂപ Block development officer, കുഴൽമന്ദത്തിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ കൈമാറിയിട്ടുണ്ട്. ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 23 |
| 2 | ജീവനക്കാരുടെ എണ്ണം(വർക്കർ,ഹെൽപ്പർ) | 23 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 11 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 11 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 12 |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 22 |
| 8 | ഫാൻ ഇല്ലാത്തവ | 22 |
| 9 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് ഇല്ലാത്തവ | 17 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 23 |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 13 |
| 12 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അംഗണവാടികളുടെ എണ്ണം | 1 |
| 13 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.
2. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വയറിംഗ് കണക്ഷൻ, ബേബി ഫ്രണ്ടലി ടൊയലറ്റ്, എന്നിവയുടെ കേട്പാടുകൾ തീർത്ത് ചുറ്റ്മതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.
3. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എല്ലാ വർഷവും മെയ് 10 നകം പഞ്ചായത്തിന്റെ എഞ്ചിനീയർ/ഓവർസീയർ എല്ലാ അംഗണവാടികളും സന്ദർശിച്ച് പരിശോധന നടത്തി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.
4. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.
5. കുടിവെള്ള സംവിധാനത്തിന്റെ പോരായ്മ ദുരീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

അങ്കണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന പോരായ്മകൾക്ക് മേൽപറഞ്ഞ പരിഹാര നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മറ്റ് പോരായ്മകൾ കൂടി ദൂരീകരിക്കുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ആശ്രയ പദ്ധതി - അവലോകനം

സമൂഹത്തിലെ ഏറ്റവും പിന്നണ ആവശ്യമായ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ആശ്രയ. ജി.ഒ (എം.എസ്) 71/പ്ളാനിങ്ങ്/12.11.03 ലെ മാർഗ്ഗനിർദ്ദേശങ്ങളിലൂടെയാണ് പദ്ധതിക്ക് തുടക്കമിട്ടത്. പിന്നീട് പല ഉത്തരവുകളിലായി പദ്ധതിക്ക് സമഗ്ര മാറ്റം കൈവന്നു.

കോട്ടായി ഗ്രാമ പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കിയ ആശ്രയ പദ്ധതി പ്രകാരം കൈവരിച്ച ലക്ഷ്യങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പ്രൊജക്ട് -1 | അടങ്കൽ | വരവ് | ചെലവ് | പ്രൊജക്ട്-2 | അടങ്കൽ | വരവ് | ചെലവ് |
|---|---|---|---|---|---|---|---|---|
| പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 52 | | | | 111 | | | |
| വീട് വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 7 | 315000 | 300000 | 39000 | 0 | - | - | - |
| നാളിതുവരെ ലഭിച്ചവർ | 2 | | | | 0 | | | |
| വീട് ആവശ്യമുള്ളവർ | 26 | 955000 | 805000 | 377500 | 11 | - | - | -- |
| നാളിതുവരെ ലഭിച്ചവർ | 11 | | | | 0 | | | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 47 | 470000 | 395000 | 224500 | 40 | 200000 | 100000 | 0 |
| നാളിതുവരെ ലഭിച്ചവർ | 32 | | | | 0 | | | |
| ലാട്രിൻ ആവശ്യമുള്ളവർ | 15 | - | - | - | 13 | - | - | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നാളിതുവരെ ലഭിച്ചവർ | 15 | | | | 13 | | | |
| കുടിവെള്ളം ആവശ്യമുള്ളവർ | 50 | - | - | - | 24 | 156000 | 10000 | 0 |
| നാളിതുവരെ ലഭിച്ചവർ | 0 | | | | 0 | | | |
| വൈദ്യുതി ആവശ്യമുള്ളവർ | 12 | - | - | - | 3 | - | - | - |
| നാളിതുവരെ ലഭിച്ചവർ | 12 | | | | 3 | | | |

ജി.ഒ (എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

മേൽ പട്ടിക പ്രകാരം പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലും പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം പരിശോധിക്കുമ്പോൾ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയമാണെന്ന് കാണുന്നു. ലാട്രിൻ ODF സ്കീം പ്രകാരവും, വൈദ്യുതി KSEB നേരിട്ടുമാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതിക്കായി പരിമിതമായ തുകയാണ് വകയിരുത്തിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ എല്ലാവർക്കും സ്ഥലം, ഭവനം എന്നിവ ലഭ്യമാക്കിയിട്ടില്ലെന്നിരിക്കെ, രണ്ടാം ഘട്ടത്തിൽ പ്രസ്തുത ഘടകങ്ങൾക്ക് തുകകളൊന്നും തന്നെ വകയിരുത്തിയിട്ടില്ല. രണ്ടാം ഘട്ട പദ്ധതിയുടെ ആവിഷ്കാരം തികച്ചും അശാസ്ത്രീയമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. രണ്ട് ഘട്ടങ്ങളിലും വരവ് തന്നെ പൂർണ്ണമായും ചെലവഴിച്ച് കാണുന്നില്ല. പദ്ധതി വിഹിതമിനത്തിൽ ഒന്നാം ഘട്ട പദ്ധതിയിൽ 869238/-രൂപയും, രണ്ടാം ഘട്ട പദ്ധതിയിൽ 110000/-രൂപയും ആശ്രയ അക്കൗണ്ടിൽ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 894287 | നെൽകൃഷിക്ക് കൂലിച്ചെലവ് | 894287 | - |
| ബ്ലോക്ക് പഞ്ചായത്ത് | 509529 | സമൃദ്ധി | 509529 | - |
| കേന്ദ്ര വിഹിതം | 728401 | അങ്കണവാടി പോഷകാഹാരം | 705793 | 417213 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവർത്തികൾ നിർവ്വഹിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വിനിയോഗം

.(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| | ഒന്നുമില്ല | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | ഇ.എം.എസ് ഭവന വായ്പ | സ.ഉ(സാധാ) നം1000/2010 /ത.സ്വ.ഭ.വ /24.3.2010 | 2505000 | 1147666 | 979550 | 90698 | 168116 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 8969/- രൂപ ഈടാക്കിയിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | പി.എച്ച്.സി, കോട്ടായി | കമ്മിറ്റി രൂപീകരിച്ചിട്ടില്ല | - | - | - | - | - | - |
| 2 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി | 13.1.16 ന് പുതിയ കമ്മിറ്റി രൂപീകരിച്ചു. മുൻ കമ്മിറ്റി രൂപീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. | വിവരങ്ങൾ ലഭ്യമല്ല. | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62129522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59535735 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24665 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 24665 | ശ്രീ കെ. രാധാകൃഷ്ണൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഒന്നുമില്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ. രാധാകൃഷ്ണൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>കോട്ടായി ഗ്രാമപഞ്ചായത്ത് | മാണിയങ്കാട് ഹൗസ്<br>ചുള്ളിയോട്, അംബികാപുരം<br>പാലക്കാട് 678011 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | വിഷയം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1996-97 | LF.P7/1024 /99/3-6-2000 | പുനരഭിപ്രായം | 4 |
| 1997-98 | LFP12/415/02/ 15.5.02 | ഹെഡാഫീസ് കത്തിനുള്ള മറുപടി | 5 |
| 1998-99 | LFP12/943/01/ 15.10.01 | ഫർദർ റിമാർക്സ് | 6 |
| 1999-2000 | LFP12/640/01 /16.1.02 | ഓഡിറ്റ് റിപ്പോർട്ട് | 5 |
| 2000-01 | LFP8/679 | ഫർദർ റിമാർക്സ് | 5 |

| | | | |
|---|---|---|---|
| | /05/16.5.06 | | |
| 2001-02പ്ലാൻ | LFP8/598 /05/14.5.06 | ഫർദർ റിമാർക്ക്സ് | |
| 2001-2002 വരവ്-ചെലവ് | LFP8/598 /05/5.8.06 | ഫർദർ റിമാർക്ക്സ് | 6 |
| 2002- 03 | LFP15/528/06/ 15.9.2006 | ഓഡിറ്റ് റിപ്പോർട്ട് | 6 |
| 2003-04 | LFP15/655/08/ 20.8.2009 | ഫർദർ റിമാർക്ക്സ് | 9 |
| 2004-05 | LFP15/748/11/7.6.11 | ഫർദർ റിമാർക്ക്സ് | 1 |
| 2005-06 | LFP15/1124/11/5.9.11 | ശുദ്ധിപത്രം | 3 |
| 2006-07 | LFP15/1864/11/5.1.12 | ഫർദർ റിമാർക്ക്സ് | 5 |
| 2007-08 | LFP15/398/15/4.5.15 | ശ്രീ.സുബ്രഹ്മണ്യൻ, സെക്രട്ടറിയെ നേരിൽ കേട്ടത് സംബന്ധിച്ച് | 6 |
| 2008-09, 09-10, 10-11 | LFP15/602/12/6.6.15 | ഖ - 3(6), 3(10) എന്നിവ ഒഴിവാക്കിയത് സംബന്ധിച്ച് | 12 |
| 2011-12 | LFP11/1701/13/ 31.10.2013 | ഫർദർ റിമാർക്ക്സ് | 11 |
| 2012-13 | KSA-PKD15/1025/15/ 17-9-2015 | ഫർദർ റിമാർക്ക്സ് | 9 |
| 2013-14 2014-15 | KSA-PKD15/957/16 29.6.16 | ഓഡിറ്റ് റിപ്പോർട്ട് | മുഴുവൻ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# Annexure-2

## -

ഒഴിവാക്കി

# Annexure-3

## -

ഒഴിവാക്കി

# 1

# അനുബന്ധം - 1

നം.കെ.എസ്.എ-പികെഡി15/19/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 29.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടായി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. വസ്തു നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. വസ്തുനികുതി കുടിശ്ശിക ജേർണ്ണൽ എൻട്രി നടത്തി ക്രമീകരിച്ചതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രജിസ്റ്ററുകൾ, രേഖകൾ എന്നിവ ലഭ്യമായിട്ടില്ല.
3. വെള്ളക്കര ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
4. തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമായിട്ടില്ല.

5. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31ലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD15/19/2017

Kerala State Audit Department
District Audit Office
Palakkad
Date – 29.12.2016

Audit Certificate

Certified that I have examined the Annual Financial Statement of KOTTAYI GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made there under and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of KOTTAYI GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects-A.F.S 2015-16

1. Property Tax demand and Arrear demand registers are not updated.
2. The registers showing the Property Tax Arrear amount adjusted through journal entry is not produced for verification.
3. Water Charges demand and arrear demand registers are not updated.
4. Property Tax demand register not produced for verification.
5. The value of movable and immovable assets during the period prior to conversion to accrual system not added to the value of asssets as per the current balance sheet.

Deputy Director